# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : കെ. ബൈജുനാഥ്,
ജുഡീഷ്യൽ അംഗം

**എച്ച്.ആർ.എം.പി. നമ്പർ : 2186/11/12/2023/ TVM**

പരാതികക്ഷി : ചന്ദ്രിക,ചന്ദ്രികാ ഭവൻ
ഉണ്ണിമുക്ക്,തുമ്പോട്, തിരുവനന്തപുരം

എതിർകക്ഷികൾ സുലഭ.പി.എസ്,അഭിഷേക് ഭവൻ
കല്ലറ

**മുതൽപേർ**

**ഉത്തരവ് തീയതി 03.04.2024**

പരാതികക്ഷിയും കുടുംബവും ഉപയോഗിച്ചുകൊണ്ടിരുന്ന പൊതുവഴി എതിർകക്ഷികൾ വേലികെട്ടി കൈയ്യേറുകയും, ജെ.സി.ബി ഉപയോഗിച്ച് ഇടിച്ച് നിരത്തിയതായും മറ്റുമാണ് പരാതി സംഗതി.

പരാതി വിഷയത്തിൽ കല്ലറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഒരു അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചു. പരാതി സംഗതിയിൽ ഇരുകക്ഷികളും നെടുമങ്ങാട് മുൻസിഫ് കോടതിയിൽ കേസുകൾ ഫയൽ ചെയ്തിട്ടുള്ളതും മുൻസിഫ് കോടതിയുടെ പരിഗണനയിലുള്ള ഒ.എസ്സ്.243/2023, 311/2023 എന്നീ കേസുകൾ തീർപ്പാകുന്ന മുറയ്ക്ക് ടി പരാതിയിന്മേലുള്ള തുടർനടപടികൾ കൈകൊള്ളുന്നതാണെന്നും, തർക്ക വഴി പഞ്ചായത്തിൻെറ ആസ്തിരജിസ്റ്ററിൽ ഉൾപ്പെട്ട വഴിയായതിനാൽ തൽസ്ഥിതി തുടരുന്നതാണെന്നും റിപ്പോർട്ടിൽ കാണുന്നു.

പരാതിയും റിപ്പോർട്ടും കമ്മീഷൻ പരിശോധിക്കുകയും ഹർജികക്ഷിയെ നേരിൽ കേൾക്കുകയും ചെയ്തു. പരാതിക്കാസ്പദമായ കാര്യം നിലവിൽ കോടതിയുടെ പരിഗണനയിൽ ആണെന്ന് കമ്മീഷൻ മനസ്സിലാക്കുന്നു. കോടതിയുടെ പരിഗണയിലോ തീരുമാനത്തിൽപ്പെട്ടതോ ആയ ഒരു വിഷയത്തിൽ മനുഷ്യാവകാശ സംരക്ഷണ നിയമം 17(എച്ച്)പ്രകാരം കമ്മീഷന് തുടർനടപടികൾ കൈകൊള്ളുവാൻ കഴിയുകയില്ല. അകയാൽ കേസ് തീർപ്പാക്കി ഉത്തരവാകുന്നു.

ഒപ്പ്
**കെ. ബൈജുനാഥ്**
**ജുഡീഷ്യൽ അംഗം**

//ശരിപ്പകർപ്പ്//

രജിസ്ട്രാർ